**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 261** **01-03-2023 - ൽ മറുപടിയ്ക്ക്**

**പാഠ്യപദ്ധതി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ കാഴ്ചപ്പാടുകൾക്കും സാധാരണക്കാർക്കും അനുസൃതമായി ഭാവി ലക്ഷ്യം കൂടി പരിഗണിച്ച് മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം ഉറപ്പ് വരുത്തുന്നതിനും ബഹുസ്വര സമൂഹത്തിന്റെ ആവശ്യകതയ്ക്ക് അനുയോജ്യമായ വിധത്തിൽ ജനാധിപത്യ ബോധവും ലിംഗ-സാമൂഹ്യ സമത്വ ബോധവും വളർത്തിയെടുക്കുന്ന തരത്തിലുമാണോ പുതിയ പാഠ്യപദ്ധതിക്ക് രൂപം നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിലെ കാഴ്ചപ്പാടുകൾക്ക് അനുസൃതമായി കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം ഉറപ്പാക്കുന്നതിനും ഇന്ത്യയെപ്പോലെ ബഹുസ്വരതയിൽ അധിഷ്ഠിതമായ രാജ്യത്തിന്റെ നിലനിൽപ്പിന് ആവശ്യമായ മതേതര ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കുന്ന തരത്തിലും ആകും പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കുക. |
| (ബി) | നിയതമായ ലക്ഷ്യത്തോടൊപ്പം പാഠ്യപദ്ധതി നവീകരണത്തിൽ നടന്ന ജനകീയ ചർച്ചകൾ ക്രോഡീകരിച്ച് വിദ്യാർത്ഥികളുടെയും പൊതുസമൂഹത്തിന്റെയും അഭിലാഷം പ്രതിഫലിപ്പിക്കാൻ നടപടി എടുത്തിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | കേരളത്തിലെ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി വിപുലമായ ജനകീയ ചർച്ചകളാണ് നടത്തിയത്. സ്കൂൾതലം മുതൽ ജില്ലാതലം വരെ രൂപീകരിച്ച സംഘാടകസമിതികളുടെ നേതൃത്വത്തിലാണ് ചർച്ചകൾ നടന്നത്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കാളികളാക്കാൻ ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കുട്ടികളുടേതായ പ്രത്യേക ചർച്ചകളും സംഘടിപ്പിച്ചിരുന്നു. 14 ജില്ലകളിലെയും റിപ്പോർട്ടുകൾ ക്രോഡീകരിച്ച് സംസ്ഥാനതലത്തിൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. വിവിധ മേഖലകളുടെ നിലപാട് രേഖകൾ തയ്യാറാക്കുന്നതിന് ഇത്തരത്തിൽ ക്രോഡീകരിച്ച പൊതുസമൂഹത്തിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സജീവമായി പരിഗണിച്ചിട്ടുണ്ട്. കുട്ടികളുടെ ചർച്ചയുടെ ഭാഗമായി ഉയർന്നുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കുട്ടികളുടെ പ്രതീക്ഷകളും ബി.ആർ.സി. തലത്തിൽ ക്രോഡീകരിച്ച് അവ എസ്.സി.ഇ.ആർ.റ്റി.-ക്ക് കൈമാറി. ഇത്തരത്തിൽ വിവിധ ബി.ആർ.സി.-കളിൽ നിന്നും ലഭിച്ച കുട്ടികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും എസ്.സി.ഇ.ആർ.റ്റി.-യുടെ |

| | | | |
|---|---|---|---|
| | | | നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച ഡോക്കുമെന്റ് തയ്യാറായിട്ടുണ്ട്. |
| (സി) | ജ്ഞാന സമൂഹം വാർത്തെടുക്കുകയെന്ന വിശാല ലക്ഷ്യവും ഭാവി തൊഴിൽ സാധ്യതകളും പാഠ്യപദ്ധതി പരിഷ്കരണത്തിൽ പരിഗണനാ മേഖലകൾ ആയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | കേരള സമൂഹത്തെ ഒരു ജ്ഞാന സമൂഹമായി പരിവർത്തിപ്പിക്കുക എന്ന വിശാലമായ ലക്ഷ്യവും പുതിയ തലമുറയുടെ ഭാവി തൊഴിൽ സാധ്യതകളും തീർച്ചയായും പാഠ്യപദ്ധതി പരിഷ്കരണത്തിൽ വളരെ പ്രാധാന്യത്തോടെ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ